**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2668** **17-03-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകൃഷി പരിപോഷിപ്പിക്കാനും നിലനിർത്താനും പാടശേഖരങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ, നെൽകൃഷിക്ക് കാർഷിക താരിഫിലാണ് (LT V(A)) വൈദ്യുതി നൽകി വരുന്നത്. ടി താരിഫ്, മറ്റേതൊരു വിഭാഗത്തിനേക്കാളും കുറഞ്ഞ താരിഫ് നിരക്കാണ്. നിലവിൽ, ടി താരിഫ് വൈദ്യുതിയുടെ ശരാശരി വിലയുടെ (Average cost of Supply) 50% -ൽ താഴെ മാത്രമേ വരികയുള്ളൂ. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ തുക ലഭ്യമാക്കി) വൈദ്യുതി തികച്ചും സൗജന്യമായാണ് നൽകുന്നത്. നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാ തെയാണ് ആനുകൂല്യം നൽകി വരുന്നത് |
| (ബി) | കാർഷിക മേഖലക്ക് നൽകുന്ന വൈദ്യുതി കണക്ഷൻ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ തിരിച്ച റിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്ന വിധം, ചട്ടങ്ങൾ മറ്റു കണക്ഷനുകൾക്കെന്നപോലെ കാർഷിക കണക്ഷനുകൾക്കും പരിഷ്കരിച്ചിട്ടുണ്ട്. ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കേണ്ട കാർഷിക കണക്ഷനുകൾക്കു ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായി, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്ന പക്ഷം കാർഷിക കണക്ഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ